# Kerala private college teacher

AKPCTA

No. 104
March '92

## AIFUCTO CONDOLES RRC'S DEMISE

Phone. : 35-8729

# ALL INDIA FEDERATION OF UNIVERSITY & COLLEGE TEACHERS' ORGANISATIONS

(Regd. under Act, XXI of 1860)

15, BRINDABAN MALLICK LANE, CALCUTTA-700 009

Ref. No.................. Date 8-2-92

The national executive committee of AIFUCTO condoles the sad demise of prof. R, R. C Nair, former zonal Secretary of A I F UC T O and General Secretary of A K P C T A. The N.E. C. recalls with gratitude the singular service rendered by prof. Nair in the cause of teachers in particular and working people in general. The NEC pays homage to his memory and conveys sympathy to the members of his bereaved family.

| | |
|---|---|
| Sd— | Sd/ |
| 8-2-92 | 8-2-92 |
| Mrinmoy Bhattacharya | |
| General Secretary. | Vice-President |

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ കെ പി സി ടി എ മുഖപത്രം □ നമ്പർ 104 □ മാർച്ച് 1992 □ എഡിററർ: വി. എൻ. മുരളി □ മാനേജിംഗ് എഡിററർ: കെ. പി. ദിവാകരൻ നായർ □ പത്രാധിപസമിതി; ജോർജ് സെബാസ്ററ്യൻ, ടി. എൻ. രാമൻപിള്ള, പി. ജി. ചന്ദ്രശേഖരൻ നായർ, ഡോ. കെ. ബി പവിത്രൻ, രാജേന്ദ്രൻ, ജോണി കെ. ജോൺ, ജോർജ് □

വിലാസം: എഡിററർ, വസന്തം, ചെമ്പകശ്ശേരി നഗർ, കേശവദാസപുരം, തിരുവനന്തപുരം □ മാനേജിംഗ് എഡിററർ: അശ്വതി, എൽ ഐ സി ലെയിൻ 'ബി', പട്ടം, തിരുവനന്തപുരം-4 □

# ആലപ്പുഴയിലേയ്ക്ക്

1992 മാർച്ച് 27, 28, 29 തീയതികളിൽ എ.കെ.പി.സി.ടി. എ. യുടെ 34-ാം സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ നടക്കുകയാണ്. പ്രതിനിധി സമ്മേളനം, വിദ്യാഭ്യാസ-സാംസ്കാരിക സമ്മേളനങ്ങൾ, പ്രൊഫ.ആർ.ആർ.സി. അനുസ്മരണം, ക്ഷേമനിധിവിതരണം, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ പ്രധാന പരിപാടികളാണ് മൂന്നുദിവസങ്ങളിലായി നടക്കുന്നത്. മാർച്ച് 28-ന് വൈകിട്ട് അഞ്ചുമണിക്ക് എ കെ പി.സി.ടി എയുടെ കരുത്തു വിളിച്ചറിയിയ്ക്കുന്ന പ്രകടനവും ആലപ്പുഴ നഗരത്തിൽ നടക്കും. സമ്മേളനവും പ്രകടനവും വൻപിച്ച വിജയമാക്കാൻ എല്ലാ അധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഓരോ വർഷത്തേയും പ്രവർത്തനങ്ങളിലെനേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്താനും, പുതിയ മുന്നേററങ്ങൾക്ക് വഴിതുറക്കാനും സഹായകമാകുന്ന സംസ്ഥാന സമ്മേളനങ്ങൾ പ്രൈവററ് കോളേജധ്യാപക മേഖലയിൽ എ.കെ. പി.സി ടി.എ മാത്രമാണ് കൃത്യമായി നടത്തി വരുന്നത്. ഓരോ വർഷത്തേയും അംഗസംഖ്യയും, വരവുചെലവുകണക്കും, വാർഷിക റിപ്പോർട്ടും കൃത്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചുകൊണ്ട് പ്രൈവററ് കോളേജധ്യാപകരുടെ ആകമാനം വിശ്വാസ്യത നേടിയെടുത്തു മുന്നേറാൻ എ.കെ.പി.സി.ടി.എ. യ്ക്കു കഴിയുന്നുണ്ട്. മററു സംഘടനകളോ? പത്രപ്രസ്താവനകൊടുത്തും, ഉപജാപങ്ങൾ നടത്തിയും, സങ്കുചിത ജാതിമതതാല്പര്യങ്ങൾ പറഞ്ഞും അവിടെയും ഇവിടെയും കുറച്ചധ്യാപകരെ കൂടെ നിർത്തുന്നവെന്നല്ലാതെ, അഖില കേരളാടിസ്ഥാനത്തിൽ സംഘടിതമായ പ്രവർത്തനം അവർക്കില്ല. അവരെ ആശ്രയിച്ച് പ്രൈവററ് കോളേജധ്യാപകർക്ക് യാതൊരു നേട്ടവും ഉണ്ടാക്കാനുമാവില്ല. ഈ സത്യം അധ്യാപകർക്കെല്ലാം ഇന്ന് കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുവരുന്നുണ്ട്. അതുകൊണ്ടാണ് ചില സംഘടനകൾ അവരുടെ പ്രവർത്തനം നിർത്തി മററു ചില സംഘടനകളിൽ ചെന്നു ലയിക്കുന്നത്. എന്നിട്ടും അധ്യാപകരിൽ ഒരു ചലനവും ഇവർക്ക് സൃഷ്ടിക്കാൻ കഴിയുന്നില്ല.

കടന്നുപോയവർഷം തന്നെ എടുക്കുക. പ്രൈവററ് കോളേജധ്യാപകനുവേണ്ടി വാദിക്കാനും പോരാടാനും എ.കെ.പി.സി.ടി.എ. മാത്രമാണുണ്ടായിരുന്നതെന്ന് ഏവർക്കുമറിയാം. കേരളത്തിലിപ്പോൾ അധികാരത്തിലിരിക്കുന്ന കരുണാകര സർക്കാരിന്റെ തലതിരിഞ്ഞ വിദ്യാഭ്യാസ നയ സമീപനങ്ങളെ എതിർത്തുകൊണ്ടാണ് എ.കെ.പി.സി.ടി.എ. ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചതുതന്നെ. ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ മറവിൽ യൂണിവേഴ്സിററികളിൽ ഇന്നുള്ള ജനാധിപത്യ സംവിധാനത്തെ അട്ടിമറിക്കാൻ കച്ചകെട്ടിയിറങ്ങിയവർക്ക് തടയിടാൻ സംഘടനയുടെ സമരപരിപാടികൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതുപോലെ എ.കെ.പി.സി.ടി.എ. കഴിഞ്ഞ പതിനാറുവർഷമായി നടത്തിയ സമര

## സംസ്ഥാന കമ്മിററി ഓഫീസിന് സ്ഥലം വാങ്ങി

എ. കെ. പി. സി. ടി. എ. സംസ്ഥാന കമ്മിററി ഓഫീസ് കെട്ടിടത്തിനാവശ്യമായ വസ്തുവിന്റെ വിലയാധാരം 1992 മാർച്ച് 21ന് നടന്നു. ഇപ്പോഴത്തെ ഓഫീസിനടുത്ത് വഞ്ചിയൂർ ഗവ: ഗേൾസ് സ്കൂൾ കോമ്പൗണ്ടിന് ചേർന്നുള്ളതാണ് പ്രസ്തുത സ്ഥലം.

ങ്ങൾ കൊണ്ടുനേടിയെടുത്ത യൂ.ജി.സി. ശമ്പള പരിഷ്കാരം നടപ്പിലാക്കിക്കിട്ടാനായി നമ്മൾ നടത്തിയ നിരന്തര സമരങ്ങളും ശ്രദ്ധേയമായിരുന്നു. അതിന്റെ ഫലമായി യൂ.ജി.സി. സ്കീമിലും സ്കെയിലിലുമുള്ള അധ്യാപകർക്ക് ശമ്പളം ലഭിച്ചു തുടങ്ങി; എല്ലാവർക്കും കിട്ടിത്തുടങ്ങിയില്ല എന്ന കാര്യം മറക്കുന്നില്ല. എങ്കിലും നമ്മുടെ പരിശ്രമം ഈ രംഗത്ത് വളരെയധികം മുന്നോട്ടുപോകാൻ സഹായകമായി. ഈ സമരങ്ങളോടൊപ്പം സെക്രട്ടറിയേററിലും ഡിസി.;ഡെ.ഡി.സി. ഓഫീസുകളിലും സംഘടന നടത്തിയിട്ടുള്ള പ്രവർത്തനം എടുത്തു പറയേണ്ടതുണ്ട്. അധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി മാനേജുമെന്റുകളുമായി നിയമയുദ്ധങ്ങളുടെ സമരവും സംഘടന സജീവമാക്കിയിട്ടുണ്ട്. ഇൻട്രാ യൂണിവേഴ്സിററി ട്രാൻസ്ഫർ നോംസ് നടപ്പിലാക്കി കിട്ടുന്നതിനുള്ള കേസ് ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ നടക്കുകയാണ്. അതുപോലെ മാനേജുമെന്റുകൾ നിയമലംഘനം നടത്തിയതിന്റെ പേരിൽ നിരവധി കേസ്സുകൾ സംഘടനതന്നെ മുൻകയ്യെടുത്ത് നടത്തുന്നുണ്ട്.

എ.കെ.പി.സി.ടി.എ യുടെ സമരോജ്വല ചരിത്രം ആവേശപൂർവ്വം അനുസ്മരിച്ച് ഭാവി പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ ആലപ്പുഴയിൽ നടക്കുന്ന 34-ാം സംസ്ഥാന സമ്മേളനം സഹായകമാകും. തിളക്കമാർന്ന നേട്ടങ്ങൾ നമുക്കുണ്ട്. എന്നാൽ ഏറെറടുക്കേണ്ട വെല്ലുവിളികൾ നിരവധിയാണ്. ഏകീകൃത സർവ്വകലാശാലാ നിയമം, ഓട്ടോണമസ് കോളേജുകൾ തുടങ്ങിയവയെല്ലാം നാം അഭിമുഖീകരിക്കാനിരിക്കുന്ന വിപത്തുകളാണ്.

യൂ.ജി.സി. ശമ്പളപരിഷ്കാരം നടപ്പിലായെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് അതിനനുസരിച്ചുള്ള മാററം ഉണ്ടായിട്ടില്ല. അധ്യാപകർ മാത്രം വിചാരിച്ചാൽ അതു നടക്കുകയില്ലെങ്കിലും അതിന് നമ്മൾ തന്നെ മുൻ കൈ എടുക്കേണ്ടതുണ്ട്. പുതിയൊരു തൊഴിൽ സംസ്കാരം ഉണ്ടാകേണ്ടിയിരിക്കുന്നു. കയ്യിൽ കിട്ടുന്നതു പഠിപ്പിക്കുക എന്നുതിനുപരി വിദ്യാഭ്യാസ രംഗത്തെ നയസമീപനങ്ങളെക്കുറിച്ച് തുറന്ന് അഭിപ്രായം പറയുന്നവരായി എ.കെ.പി.സി.ടി.എ. അംഗങ്ങൾ മാറണം. പാഠ പുസ്തകങ്ങളിലും, സിലബസ്സിലും, പരീക്ഷയിലുമൊക്കെ മാററം വരേണ്ടതുണ്ട്. ഇന്നത്തെ ഈ ഏകപക്ഷീയമായ ക്ലാസ്സ് റൂം ടീച്ചിംഗ് രീതിതന്നെ മാറേണ്ടിയിരിക്കുന്നു. സംവാദാത്മകമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം വളർത്തിയെടുക്കാൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളെപ്പററി ആലപ്പുഴ സമ്മേളനത്തിൽ ഗൗരവപൂർണ്ണമായ ചർച്ചയുണ്ടാകും.

പ്രൈവററ് കോളേജധ്യാപകരംഗത്തെ ഏററവും കരുത്തുററ സംഘടനയാണ് എ.കെ.പി.സി.ടി.എ. എത്രമാത്രം കരുത്തുണ്ടെങ്കിലും നമുക്കറിയാം നമ്മുടെ മുന്നേററത്തിന് മററു മേഖലകളിലെ സംഘടനകളുമായുള്ള യോജിപ്പു വേണം. നമുക്കഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ ഓരോ ദിവസം കഴിയും തോറും സങ്കീർണ്ണമായി വരികയാണ്, എത്ര ശമ്പളം കിട്ടിയാലും ഇന്നത്തെ വിലക്കയററത്തിന്റെ മുമ്പിൽ അതെല്ലാം നിഷ് പ്രഭമാകുന്നു. കേന്ദ്ര സർക്കാർ ഡി.എ.മരവിപ്പിക്കാൻ ശ്രമിക്കുകയാണ്. വിദ്യാഭ്യാസത്തിനുള്ള തുക ബഡ്ജററിൽ വെട്ടിക്കുറച്ചിരിക്കുന്നു. സാമ്പത്തിക പരിഷ്കാരങ്ങളുടെ പേരിൽ, ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും, അവരുടെ അവകാശങ്ങൾ വെട്ടിച്ചുരുക്കാനുമുള്ളനീക്കമാണ് സർക്കാരുകൾ നടത്തിവരുന്നത്. ഇതെല്ലാംനേരിടാൻ കൂട്ടായ നീക്കങ്ങൾ കൊണ്ടേ സാധ്യമാകൂ.

തുടക്കത്തിൽ പറഞ്ഞപോലെ, പ്രൈവററ് കോളേജധ്യാപക മേഖലയിൽ പോരാട്ടങ്ങളിലൂടെ മുന്നേറുന്ന സംഘടന എ.കെ.പി.സി.ടി.എ. മാത്രമാണ്. അതുകൊണ്ടുതന്നെ ഉത്തരവാദിത്വങ്ങളും ഏറുന്നു. മൊത്തം പ്രൈവററ് കോളേജധ്യാപകരേയും എ.കെ.പി.സി.ടി.എ. യുടെ കൊടിക്കീഴിൽ കൊണ്ടുവരാൻ നമുക്കു കഴിയണം. ഇന്ന് ഒരു സംഘടനയിലും പെടാതെ നില്ക്കുന്ന വലിയൊരുവിഭാഗം അധ്യാപകരുണ്ട്. അതുപോലെ മൊത്തം അധ്യാപകരിൽ പകുതിയോളം വരുന്ന വനിതകളും സംഘടനാരംഗത്ത് ശക്തമായി പ്രവർത്തിക്കുന്നില്ല. ഈ സ്ഥിതി മാറണം. ഇതേക്കുറിച്ചെല്ലാം ചർച്ചചെയ്തു തീരുമാനമെടുക്കുന്ന ആലപ്പുഴ സമ്മേളനം എ.കെ.പി.സി.ടി.എ.യുടെ വളർച്ചയിലെ നാഴികക്കല്ലായിരിക്കും. സമ്മേളന വിജയത്തിനായി എല്ലാഅധ്യാപകരും മുന്നിട്ടിറങ്ങുക.

എ.കെ.പി.സി.ടി.എ. സിന്ദാബാദ്
ആലപ്പുഴ സമ്മേളനം സിന്ദാബാദ്

# University in a Democracy

Upendra Baxi

We all know that our campuses are beset with a kind of malignancy arising from a multitude of big and small factors. It seems that all of us—students, teachers, karamcharis—more often than not tread on the toes of each other. Verbal aggression, name-calling and even shouting downright abuse is the order of the day. Even worst forms of physical aggression abound. Stabbing incidents are common in many of our campuses. And ragging which seems to be some people's idea of fun creates situations which often result in student fatality: in any case, severe psychic distress, especially in terms of self-image and self-esteem, haunts the victim for a long time. Sexual harrassment of women on campuses is also increasing alarmingly.

Campus cultures also reflect pronounced tendencies towards denigration of others, often quite malicious. Perhaps, this syndrome may be described as nishkam ninda (desireless denigration), the opposite of nishkam karma (action unaccompanied by desire of gain) the Gita proselytised.

It is not that we are not aware of the crisis of civility in our campus cultures. Indeed, we talk about it from time to time. And we insist on the norms of civility, even if in politically partisan ways, from time to time. But, by and large, apathy overtakes honest agony at the growing crisis of civility. Private distress is not matched by public outrage.

Our campuses are marked by moral majorities which, however, prefer to remain silent. But a silent moral majority is not a change agent. Indeed, its inarticulateness endangers the very idea of a University, an idea which is civilisationally precious. And a society which progressively loses the idea of University is indeed a society without a future if future is to be conceived as the shape of a struggle for just transformation by men and women of compassion, dignity and learning.

I have said that moral majorities on Indian campuses were inarticulate. This must be qualified by two caveats They are not, quite naturally, inarticulate in pursuit of individual or class/collective interest. The rationality of self-interest is powerful enough for all of us to break our mauna (vow of silence) when the occasion demands this. But, more important, even the moral majority is a participant in nishkam ninda. The leaders of moral majority—be they teachers, students, karamcharis—are extremely articulate on one theme: lamentation on 'politicisation' of our campuses, on lumpenisation 'and criminalisation' of politics and on the decline of values, summed up as a loss of national character,

All of us are very generous with denigration of politics and politicians, as individuals and as a class. And I know, as we all do, that there is a lot that is wrong in the practices of Indian politics. But the continuous condemn

atiou of practicess of politics is, I believe, unjustified as well as harmful to the future of democracy in India. We must strive to correct and chasten arrogance of power. But to denounce politics and politicians as a class is, simply, anti-democratic.

For, liberal democracy requires dedication to politics; doing of politics reqnires men and women to shun other career paths; without some people opting for politics as a career, consuming them in the process, the pursnit of other careers—including academic careers.. would simply be impossible. In its most ideal sense, democratic politics is sacrificial, although existentially pursuit of politics may not be seen as sacrificial anymore.

But whatever be our judgment on the nature or career in politics this much ought to be clear: liberal democracy requiaes men and women who would pursue power for its own sake and seek to justify this pursue in cogent languagos of national interest. Without a will to power and a rhetoric of legitimation no successful practice of politics or career in politics is ever possible. Only in India an observation that politians are 'power-hungry', 'power-brokers' would be regarded as gems of wisdom. It is as profound as an observation which condemns a capitalist for making profit!

I would want to think of democratic politics more seriously. If you think tthat poiitics is bad, what's the answer io bad politics? One answer enamourng many a praetitioner of politics is that no politics is better than 'bad' politics; that is the royal road to authoritarianism. But there is another answer to the question of 'bad' politics. And that is: 'more politics'. By 'more politics' I mean great civic participation in the affairs of the state. Name-calling, maligning, gossiping, condemning politicans as a class is, in my opinion, not civic participation, but its precise opposite: a mean-minded evasion of responsibility of knowing and doing things for the nation.

UNIVERSITIES are Sites for expansion of consciousness, accesses to millennial traditions of thought, development of scientific outlook, and creatively compassionate engagement with national renewal. We should bring the great human heritage that we name as university to bear on our understanding of practices of politics and seek to transform its nature and direction where necessary. This cannot be done by lung power, muscle power, or trigger-happy verbal aggression. We need to bear our civilised understanding to this great ssk and a dignity of discourse marked tby humility.

And this virtue of humility should arise from introspection within our own campuses. Have we been able to exercise freedom of choice, relatively free from the arm of politics, rigorously within our domain? Have we demonstrated the necessary qualities of moral imagination and academic exemplarship in ways which not merely sustain our heritage but enrich it for future? Are practices of academic power within the Indian campuses informed by values and virtues whose lack we constantly bemoan in others? Have we too readly succumbed to temptation which we would like others in public domain to valiantly resist? What is the transformative potential of practices of knowledge for practices of power? Or is there manifesting, over time, an im-

(Cont ; in page 14)

ജി. മാധവൻ നായർ

# ആർ ആർ സി

1991 ഡിസംബർ 4-ാം തീയതി ബുധനാഴ്ച ഉച്ചക്ക് ക്ലാസ്സിൽ നില്ക്കുമ്പോഴാണ് ആർ ആർ സിയുടെ മരണവാർത്ത അറിഞ്ഞത്. എത്രയും പെട്ടെന്ന് തിരുവനന്തപുരത്ത് ദർശന ലോഡ്ജിൽ എത്തണമെന്നായിരുന്നു നിർദ്ദേശം. രണ്ടുദിവസം മുമ്പ് ആർ ആർ സി ഓഫീസിൽ വരികയും പതിവുപോലെ കുശല പ്രശ്നങ്ങൾ നടത്തുകയും ചെയ്തതാണ്. ഈയിടെയായി പണ്ടത്തെക്കാൾ ഉർജ്ജസ്വലനായിട്ടാണ് അദ്ദേഹം കാണപ്പെട്ടിരുന്നതെന്നും ഓർത്തു. റിട്ടയർ ചെയ്ത് ഏഴുവർഷം കഴിഞ്ഞെങ്കിലും അകാലത്തിൽ നമ്മെ വിട്ടുപോയി എന്ന ദു:ഖമായിരുന്നു ഞങ്ങൾക്കെല്ലാം. ദർശന ലോഡ്ജിലെ മുറിയിൽ ഞങ്ങൾ കണ്ടത് മരണവുമായുള്ള പോരാട്ടത്തിൽ മുറിവേററുവീണ യോദ്ധാവിനെയാണ്.

1960-ലാണ് ഞാൻ ആർ ആർ സി യെ ആദ്യമായി പരിചയപ്പെടുന്നത്, പന്തളം കോളേജിൽ വച്ച്. ഇണങ്ങിയും പിണങ്ങിയും ആ ബന്ധം സുദൃഢമായിത്തന്നെ തുടർന്നു. 31 വർഷത്തെ ഞങ്ങളുടെ ബന്ധം എ കെ പി സി ടി എ യുടെ ചരിത്രവുമായി കെട്ടുപിണഞ്ഞ് കിടക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ സ്ഥിതിചെയ്യുന്ന പന്തളം എൻ എസ് എസ് കോളേജ് അറുപതുകളിൽ സംഘടനയുടെ ശക്തി കേന്ദ്രങ്ങളിൽ ഒന്നായിരുന്നു. 'തുല്യജോലിക്ക് തുല്യ ശമ്പള'മെന്ന സംഘടനയുടെ ആദ്യത്തെ മുദ്രാവാക്യം ഉയർന്നത് അക്കാലത്താണ്. അതിനുവേണ്ടിയുള്ള പ്രക്ഷോഭത്തിൻെറ ഭാഗമായി സംഘടന നടത്തിയ ആദ്യത്തെ പ്രകടനത്തിന് (വക്കീലന്മാരുടെ വേഷമിട്ടുകൊണ്ടുള്ള പ്രകടനം) വേഷമന്വേഷിച്ചു നടന്നതും വേണ്ടത്ര കുപ്പായം കിട്ടാത്തതുകൊണ്ട് ഞങ്ങളിൽ ചിലർ കാഴ്ചക്കാരായി തിരുവനന്തപുരത്ത് യൂണിവേഴ്സിററി ഹോസ്ററലിന് മുമ്പിൽ അണിനിരന്നതും നിശബ്ദമായി നടന്നു നീങ്ങിയ പ്രൈവററ് കോളേജ് അധ്യാപകരുടെ ആദ്യത്തെ പ്രകടനവും മറക്കാനാവാത്ത അനുഭവമായി മനസ്സിൽ പച്ചപിടിച്ച് നില്ക്കുന്നു. എൻ എസ് എസ് മാനേജ്മെൻറുമായി അധ്യാപകർ പൊരുതിത്തുടങ്ങിയതും അക്കാലത്താണ്. കിട്ടാത്ത ശമ്പളത്തിന് ഒപ്പിട്ടുകൊടുക്കണമെന്ന മാനേജ്മെൻറിൻെറ നിർദ്ദേശത്തെ ആർ ആർ സി യുടെ നേതൃത്വത്തിൽ ഞങ്ങൾ എതിർത്തു. എപ്പോൾ വേണമെങ്കിലും മാനേജർക്ക് ജീവനക്കാരെ പിരിച്ചുവിടാൻ സാധിക്കുമായിരുന്ന കാലഘട്ടമായിരുന്നു അത്. കുഴപ്പങ്ങളൊക്കെ ഉണ്ടാക്കുന്നത് ആർ ആർ സി യുടെ നേതൃത്വത്തിലാണെന്ന് ശ്രീ മന്നത്ത് പത്മനാഭൻെറ ചെവിയിൽ ആരോ ഓതിയെങ്കിലും എന്തുകൊണ്ടോ ശിക്ഷണനടപടികൾ ഒന്നും ഉണ്ടായില്ല.

എന്നാൽ താമസിയാതെ തന്നെ ആർ ആർ സി, പ്രൊഫ. രാഘവകുറുപ്പ് എന്നീ സംഘടനാ നേതാക്കളെ ഒററപ്പാലം എൻ എസ് എസ് കോളേജിലേക്ക് സ്ഥലം മാററുകയുണ്ടായി. ആർ ആർ സിയെ സ്ഥലം മാററാൻ വേണ്ടിയാണ് ഒററപ്പാലത്ത് കോമേഴ്സ് കോഴ്സ് തുടങ്ങിയത്. ആദ്യം എക്കണോമിക്സ് തുടങ്ങാനാണത്രേ ഉദ്ദേശിച്ചിരുന്നത്. പിന്നെ ഏതാണ്ട് റിട്ടയർ ചെയ്യുന്നതുവരെ ഏറിയ പങ്കും മലബാർ ഭാഗത്തായിരുന്നു ആർ ആർ സി ജോലി ചെയ്തിരുന്നത്. മഞ്ചേരി എൻ എസ് എസ് കോളേജിൽ പ്രൊഫസർ ആയിരിക്കവെയാണ് ആർ ആർ സി റിട്ടയർ ചെയ്തത്. കോഴിക്കോട് യൂണിവേഴ്സിററി മഞ്ചേരി എൻ എസ് എസ് കോളേജിൽ എംകോം തുടങ്ങാൻ അനുവാദം കൊടുത്തപ്പോൾ ആർ ആർ സി സിൻഡിക്കേററ് അംഗമായിരുന്നു. ആർ ആർ സി കൂടി താല്പര്യമെടുത്താണ് മഞ്ചേരിയിൽ എംകോം തുടങ്ങിയത്. ഒരു കിലോമീററർ കുത്തനെ യാത്രചെയ്ത് എത്തിപ്പെടേണ്ട മഞ്ചേരി കോളേജിലേക്ക് ഹൃദ്രോഗിയായ ആർ ആർ സി യെ തന്നെ സ്ഥലം മാററി കോഴ്സ് സംഘടിപ്പിക്കാൻ ചുമതലപ്പെടുത്തിയത് എൻ എസ് എസ് മാനേജ്മെൻറിൻെറ അതിക്രൂരമായ ഒരു വിനോദമായിപ്പോയി.

ആർ ആർ സി യോടൊപ്പമാണ് എന്നെയും മഞ്ചേരിയിലേക്ക് മാററിയത്. 1981 ൽ യു ജി സി ശമ്പള നിരക്കുകൾക്കുവേണ്ടി എ കെ പി സി ടി എ ആദ്യമായി നടത്തിയ നിർണ്ണായകമായ പണിമുടക്ക് സമരത്തിനുശേഷം, നാട്ടിൽ നിന്നും വളരെ അകലെ പ്രതികൂലമായ സാഹചര്യങ്ങളിൽ ഒററപ്പെട്ട തുരുത്തിൽ അകപ്പെട്ടതുപോലെയാണ് ഞങ്ങൾക്കാദ്യം തോന്നിയത്. പിന്നെ ജനങ്ങളുമായി ബന്ധപ്പെട്ടുതുടങ്ങിയപ്പോൾ മഞ്ചേരിയും ഞങ്ങളുടെ നാടായി മാറി. ആയിടെ കോളേജിലുണ്ടായ ഒരു സംഭവം ആർ ആർ സിയുടെ ധീരമായ നേതൃത്വത്തിന്റെ ഉദാഹരണമായി, കുട്ടികൾ തമ്മിലുള്ള ഏററുമുട്ടൽ മൂലം അലങ്കോലപ്പെട്ടിരുന്ന കോളേജ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രക്ഷകർത്താക്കളുടെ ശുപാർശപ്രകാരം കോളേജ് കൗൺസിൽ ചില നടപടികളെടുത്തു. അതേച്ചൊല്ലി നാട്ടുകാരിൽ ചിലർ അധികാരികളെ സ്വാധീനിച്ച് സമരം, സംഘടനാപ്രവർത്തകരായ അധ്യാപകർക്കെതിരായി തിരിച്ചുവിട്ടു. അധ്യാപകരെ കയ്യേററം ചെയ്യുമെന്ന് പരസ്യമായ വെല്ലുവിളികൾ ഉയർന്നു. അവസാനം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നാട്ടിലെ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകരുടെ യോഗം ചേർന്നു. അന്ന് ആർ ആർ സി ചെയ്ത പ്രസംഗം പ്രൈവററ് കോളേജ് അധ്യാപകന്റെ അഭിമാനബോധത്തിന്റെ, അവകാശബോധത്തിന്റെ 'കുണ്ടറവിളംബരം' തന്നെയായിരുന്നു. അധ്യാപകന് രാഷ്ട്രീയം പാടില്ല എന്നുപറഞ്ഞാൽ ഇടതുപക്ഷ രാഷ്ട്രീയം പാടില്ല എന്നാണ്. ഇടതുപക്ഷരാഷ്ട്രീയമുള്ള അധ്യാപകരെ വച്ചുപൊറുപ്പിക്കില്ലെന്നായിരുന്നു ചിലരുടെ മനോഭാവം. ഈ നിലപാടിനെ ആർ ആർ സി ശക്തിയായി എതിർത്തു. ശരിയായ രാഷ്ട്രീയ ബോധമില്ലായ്മയും സ്ഥാപനത്തോടുള്ള കൂറില്ലായ്മയുമാണ് പ്രശ്നം സങ്കീർണ്ണമാക്കിയതെന്നും തങ്ങൾ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ വളർച്ച തങ്ങളുടെയും കൂടി വളർച്ചയാണെന്ന് തിരിച്ചറിയാൻ കഴിവുള്ളവരാണ് എ കെ പി സി ടി എ പ്രവർത്തകർ എന്നും ആർ ആർ സി തറപ്പിച്ചുപറഞ്ഞു. രാഷ്ട്രീയം പറഞ്ഞ് സംഘടനയെ ദുർബലമാക്കാമെന്ന ചിലരുടെ മോഹം അതോടെ തകർന്നു മാന്യമായ ഒത്തുതീർപ്പിൽ അവസാനിച്ച ആ യോഗം കഴിഞ്ഞ് പുറത്തുവന്നവരുടെ മനസ്സിൽ ആർ ആർ സി യുടെ വാക്കുകൾ മുഴങ്ങി നിന്നു.

കഴിവുററ ഒരു ഭരണാധികാരിയാണ് ആർ ആർ സി എന്ന് മനസിലാക്കിയാണ് അന്നത്തെ എൻ എസ് എസ് പ്രസിഡൻറായിരുന്ന ശ്രീമാൻ കളത്തിൽ വേലായുധൻ നായർ ശ്രീവ്യാസാ കോളേജിലെ പ്രിൻസിപ്പലാവാൻ ആർ ആർ സി യോടാവശ്യപ്പെട്ടത്. അന്ന്, ആലോചിക്കാമെന്ന് പറഞ്ഞ് പിൻമാറിയ ആർ ആർ സി 71 ൽ ഒററപ്പാലം കോളേജിൽ പ്രിൻസിപ്പലായി ജോലി സ്വീകരിച്ചു. എന്നാൽ തന്റെ പ്രിൻസിപ്പലായുള്ള ജോലി അധ്യാപക താത്പര്യസംരക്ഷണത്തിന് അനുഗുണമല്ലെന്ന് രണ്ടുമാസത്തിനകം ബോദ്ധ്യപ്പെട്ടപ്പോൾ ആർ ആർ സി ആ ഉദ്യോഗം ഉപേക്ഷിച്ചു. പിന്നീടൊരിക്കലും പ്രിൻസിപ്പൽ ഉദ്യോഗം സ്വീകരിക്കുന്നതിനെപ്പററി അദ്ദേഹം ചിന്തിച്ചിട്ടേയില്ല. അധ്യാപകരുടെ പ്രതിനിധിയായി യൂണിവേഴ്സിററി ഭരണസമിതികളിൽ എത്തിപ്പെട്ട ആർ ആർ സി ആ രംഗത്ത് ശോഭിക്കുക തന്നെ ചെയ്തു. യൂണിവേഴ്സിററിയുടെ അകത്തളത്തിൽ അധ്യാപകരുടെ ശബ്ദം പ്രതിധ്വനിപ്പിക്കുന്നതിൽ ആർ ആർ സി ആരുടെയും പിന്നിലായിരുന്നില്ല. യൂണിവേഴ്സിററി ഭരണ സംവിധാനം ജനാധിപത്യവത്ക്കരിക്കുന്നതിൽ ആർ ആർ സി യുടെ പങ്ക് എടുത്തുപറയത്തക്കതാണ്.

1971 ലെ ഡയറക്ട്പേമെൻറ് സമരമാണ് ആർ ആർ സി യെ എ കെ പി സി ടി എ യുടെ അനിഷേദ്ധ്യനേതാവാക്കി ഉയർത്തിയത് ഒട്ടേറെ കോളിളക്കം സൃഷ്ടിച്ച ഡയറക്ട്പേമെൻറ് സമരം ലക്ഷ്യം നേടാതെ നിർത്തി വയ്ക്കുകയായിരുന്നല്ലോ. സമരം ശക്തമായി മുന്നേറിക്കൊണ്ടിരുന്ന അവസരത്തിൽ ബാഹ്യസമ്മർദ്ദത്തിന് വഴങ്ങി സമരം നിർത്തിവയ്ക്കണമെന്ന പ്രസിഡൻറിന്റെ നിർദ്ദേശം സംഘടന അംഗീകരിച്ചില്ല. സംസ്ഥാനക്കമ്മിററിയിലെ 7 മണിക്കൂർ നീണ്ടുനിന്ന ചർച്ചയുടെ ഫലമായി സമരം മുന്നോട്ട് കൊണ്ടുപോകണമെന്ന് തീരുമാനിച്ചപ്പോൾ ആർ ആർ സി സംഘടനയോടൊപ്പം നിന്നു. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച പ്രസിഡൻറ് ഒരു ഭാഗത്തും ജനറൽ സെക്രട്ടറിയായ ആർ ആർ സി വേറൊരു ഭാഗത്തും നിലയുറപ്പിച്ചപ്പോൾ സംഘടന നെടുകെപ്പിളരുമെന്ന് തോന്നി. എന്നാൽ സംഘടന ഒററക്കെട്ടായി ആർ ആർ സി യുടെ പിന്നിൽ അണി നിരന്നു. കേരളത്തിലെ പ്രൈവററ് കോളേജ് അധ്യാപകരുടെ ആവേശമായി ആർ ആർ സി അന്ന് ജ്വലിച്ചുനിന്നു.

1973 ൽ ചണ്ഡിഗറിൽ കൂടിയ ഐഫക്ടോ സമ്മേളനത്തിൽ ആർ ആർ സി റീജിയണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. എ കെ പി സി ടി എ ആദ്യമായി ഐഫക്ടോയിൽ ചേർന്നത് അന്നാണ്. യു ജി സി നിർദ്ദേശിച്ച അഖിലേന്ത്യാ ശമ്പള നിരക്കുകളും അഖിലേന്ത്യാ കാഴ്ചപ്പാടും സംഘടനയ്ക്ക് പുതിയൊരു വെളിച്ചവും സംഘടനാ പ്രവർത്തനങ്ങൾക്ക് പുതിയൊരു മാനവും പ്രദാനം ചെയ്തു. യു ജി സി ശമ്പള നിരക്കുകൾ നേടിയെടുക്കാനുള്ള പോരാട്ടം 74 ൽ തുടങ്ങി. ഗവർമെന്റ് കോളജ് അധ്യാപകരുമായി സംഘടനാതലത്തിലുള്ള ബന്ധം തുടങ്ങിയത് ആ പശ്ചാത്തലത്തിലാണ്. യൂണിവേഴ്സിറ്റി അധ്യാപക സംഘടനകളുമായും എ കെ പി സി ടി എ അടുക്കുന്നതിന് ഈ ചുററുപാടുകൾ സഹായിച്ചു. എന്നാൽ അടിയന്തിരാവസ്ഥയാണ് പണിയെടുത്ത് ജീവിക്കുന്നവരുടെ കൂട്ടായ്മയ്ക്ക് തത്വശാസ്ത്രപരമായി അടിത്തറപാകാൻ പരോക്ഷമായി കാരണമായത്. അടിയന്തരാവസ്ഥ പ്രഖ്യാപനത്തിൽ ആദ്യം അന്ധാളിച്ചു നിന്നുപോയ നമ്മുടെ നാട്ടിൽ സംഘടനാപ്രവർത്തനം ദുഷ്ക്കരമായി അനുഭവപ്പെട്ട മുഹൂർത്തമായിരുന്നല്ലോ അതു. 'നാവടക്കൂ, പണിയെടുക്കൂ' എന്ന അധികാര വർഗ്ഗത്തിന്റെ മുദ്രാവാക്യം ഏററുചൊല്ലുകയും അടിയന്തിരാവസ്ഥക്ക് പിന്തുണ പ്രഖ്യാപിക്കുകയുമായിരുന്നു പല സംഘടനകളും ചെയ്തത്. എന്നാൽ ആ കടുത്ത വെല്ലുവിളി നേരിടാൻ കൂടുതൽ കരുത്തോടെയും കൂടുതൽ ഐക്യത്തോടെയും പ്രവർത്തിക്കണമെന്നാണ് പൊരുതുന്ന തൊഴിലാളി സംഘടനകൾ തീരുമാനിച്ചത്. അവരുമായുള്ള വിശാലമായ ഐക്യം കെട്ടിപ്പടുക്കാനായി മുൻകൈ എടുത്ത് പ്രവർത്തിക്കാനുള്ള ഉൾക്കാഴ്ചയും ആശയദൃഢതയും അന്നേക്ക് ആർ ആർ സി സ്വായത്തമാക്കിയിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് സംഘടനയുടെ കാഴ്ചപ്പാടായിരുന്നു. അദ്ദേഹത്തിന്റെ വളർച്ച സംഘടനയുടെ വളർച്ചയും. വളരുന്ന സമൂഹത്തിന്റെ ചലനങ്ങൾ തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ പൊതുധാരയിലേക്ക് സംഘടനയെ എത്തിച്ച് സംഘടനക്ക് വ്യക്തമായ ദിശാബോധം ഉണ്ടാക്കിക്കൊടുക്കുന്നതിൽ ആർ ആർ സി വഹിച്ച പങ്ക് നിസ്തുലമാണ്.

ഏററവുമൊടുവിൽ ഞങ്ങൾ തമ്മിൽ സംസാരിച്ചത് യൂണിവേഴ്സിറ്റി നിയമങ്ങളുടെ ഏകീകരണത്തെപ്പററിയായിരുന്നു. പ്രൈവററ് കോളേജ് അധ്യാപകരുടെ മാഗ്നകാർട്ട എന്നു വിശേഷിപ്പിക്കാവുന്ന യൂണിവേഴ്സിറ്റി നിയമങ്ങളെ അട്ടിമറിക്കാനുള്ള ഏതുനീക്കത്തെയും ശക്തിയായി ചെറുക്കണമെന്ന് ആർ ആർ സി പറഞ്ഞു. രോഗകക്ഷിയിൽ പെട്ട വളരെ ശ്രദ്ധേയനായ ഒരു എമ്മെല്ലെയുമായി ഇക്കാര്യം അദ്ദേഹം ചർച്ചചെയ്തു. കൂടുതൽ വിശദമായ ചർച്ച വേണ്ടിവരുമെന്നും ആർ ആർ സി അക്കാര്യത്തിൽ മുൻകയ്യെടുക്കണമെന്നും പറഞ്ഞാണത്രേ അവർ പിരിഞ്ഞത്. റിട്ടയർ ചെയ്തുവെങ്കിലും സംഘടനയോടുള്ള ആർ ആർ സി യുടെ താത്പര്യം അശേഷം കുറഞ്ഞിരുന്നില്ല. സംഘടനയുടെ ശക്തി പ്രകടന വേളകളിലൊക്കെ അദ്ദേഹം തിരുവനന്തപുരത്ത് എത്തിയിരുന്നു. താൻ ഊട്ടിവളർത്തിയ സംഘടന വളർന്ന് ശക്തിയാർജ്ജിക്കുന്നത് അകന്നുനിന്ന് കാണുവാനും അടുത്തുവന്ന് അതിന്റെ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുവാനും അദ്ദേഹം ആഗ്രഹിച്ചിരുന്നു.

ഇന്നിപ്പോൾ ആർ ആർ സി നമ്മോടൊപ്പമില്ല. 58 ൽ സംഘടന രൂപം കൊണ്ട നാൾ മുതൽ മരിക്കുന്നതുവരെ അദ്ദേഹം പ്രൈവററ് കോളേജ് അധ്യാപകരോടൊപ്പമായിരുന്നു, അവരുടെ അവകാശബോധത്തിന്റെയും സമരവീര്യത്തിന്റെയും ഉജ്ജ്വല പ്രതീകമായി. മാസശമ്പളം 85 രൂപയിൽനിന്ന് 6000 ആയി വർദ്ധിച്ചതും അടിമയെപ്പോലെ കഴിഞ്ഞ അധ്യാപകന് സേവനസ്ഥിരത ലഭിച്ചതുമൊക്കെ സംഘടനയുടെ ശ്രമഫലമാണ്. ഇവയൊക്കെ നേടിയെടുക്കാനുള്ള ത്യാഗപൂർണ്ണമായ സമരസന്ദർഭങ്ങളിൽ സംഘടനയുടെ മുന്നണിപ്പോരാളികളിലൊരാളായി ആർ ആർ സി എന്നുമുണ്ടായിരുന്നു. ഈ നിരന്തരമായ പോരാട്ടങ്ങളിൽ സംഘടന നേരിട്ടത് നാട്ടിലെ ശക്തരായ ഭരണ നേതാക്കളേയും സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന സാമുദായിക ശക്തികളെയുമാണ്. കേരളത്തിന് അഭിമാനത്തോടെ എന്നും ഓർക്കാവുന്ന ഐതിഹാസികമായ ഈ പോരാട്ടങ്ങളിൽ ശക്തനും തന്ത്രശാലിയുമായ ആർ ആർ സി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ആർ ആർ സി എന്നും ആവേശകരമായ ഓർമ്മയായി നിലനില്ക്കും.

□

# United Movement For Advance

K. K. Theckedath, Secretary, AIFUCTO

The teachers in the country by and large welcomed the introduction of the ten-plus-two-plus three pattern of edu-cation when it was first introduced in 1975. The general response of the tea-ching community, as reflected by most of the teachers' organisations in the country, was that the new pattern held out some hopes for modernisation of education and its expansion, with the promise of vocationalisation at the end of standard ten, and hence this pattern should be given a fair trial.

It must be recognised that there were sections of the leadership who, even then, saw the pattern as an attempt by tne Government of India to tide over the economic crisis, that our country was facing in the later part of the sixties, and warnings were given that the new pattern would spell hardships for the teachers as well as the students. In retrospect, it has to be admitted that the introduction of the new pattern led to large scale fail-ures among the students and wholesale retrenchment in teaching staff in many subjects. The promised vocationalisation did not materialise, and most of the secondary schools and primary schools found themselves ill equipped even to deal with the non-vocational courses of study.

It is in the context of a proper review of the working of the ten-plus-two-plus-three pattern that we should consider the problems at the plus two stage of education. The plus-two stage, which was promised to become a branching out stage and a preparatory stage for university education, be came the most neglected stage of the pattern. This can be seen from the lack of any guide-lines or uniform policy on the adminis-trative set-up for the plus two stage. In Kerala state the plus two was until recently a part of the univesity system, and its administration was with the universities. In some states there is a sharing of the plus two between the secondary administrative unit and the university and the UGC, as in west Bengal, where a teacher is recruited to a degree college on the understanding that he would teaeh all classes from standard eleven to the postgraduate cla-sses. Such a teacher is paid from the degree college account and he is eligible to draw the UGC pay scale. The UGC funds the salary payment scheme.

In a state like Maharashtra the plus two is totally under the administrative jurisdiction of the secondary system, and the Board which conducts the examination has been renamed as the Maharashtra Board of Secondary and Higher Secondary Education. The tea-chers draw the state pay scales like the secondary teachers. However, the higher secondary ( plus two ) units are attached variously to secondary schools or to degree colleges or are run as independent units.

The Maharashtra pattern of linkage with degree colleges, secondary schools or independent existence, appears to be the general pattern in the country, tho-ugh in some states like Tripura there are no separate plus two colleges.

Considering the extremely non-uniform nature of the administrative set-up, it would not be an exaggeration to state that the Union Government and the HRD Ministry are not at all serious about the status of the plus two stage.

## ACADEMIC STATUS OF THE PLUS - TWO

In most of the states the plus-two was formed by mechanically carving out one year from the degree course and one year from the old secondary course, and putting these two together. However, in the process, the Government of India and the state governments drastically raised the syllabi of the plus two stage. The National Commission on Education, 1964, (Kothari Commission) had stressed the need for greater inputs into the syllabi, especially on the science side, with a view to make our degrees compare favourably with the degrees in the west. The manner in which this was done can be seen in the extremely heavy syllabi that have been introduced in the plus two stage.

A cursory examination of the syllabus of the plus two stage will convince us that it contains several topics which were earlier a part of the syllabus of the thirteenth, fourteenth or even fifteenth year.

There was a note of dissent in the Kothari Commission report which contested the placing the plus-two with the secondary stage and demanded that the plus two should be a part of higher education. It is one of the main proposals of this paper that the plus two should be included in Higher Education, and that the UGC should be entrusted with ensuring a proper development of the plus two stage under the relevent section of our constitution.

It is suggested that this proposal be discussed in depth at this seminar drawing upon the experiences of our work in the states. It may be mentioned that where the plus two is attached to both degree colleges and to schools, students and parents given a choice approach the degree attached plus two (junior colleges). This has been the experience in the larger cities in Maharashtra. The pressure for admissions to the degree college attached junior colleges is so great in Maharashtra that the Goverment has instructed such colleges to admit 120 students or more per division. This experience should go to strengthen the argument that the plus-two rightly belongs to higher eduction and that proper justice to the students can only be done in the institutions of higher education with their facilities, such as laboratories anb libraries.

## SERVICE CONDITIONS OF TEACHERS

Though the qualifications prescribed for the teachers of the plus two stage include a second class Master's degree in the relevant subject, the pay scale prescribed in most states is what is termed as the PGT scale. The scale of the postgraduate teacher in a secondary school is offered to a trained post graduate teacher who has second class at the masters and who is teaching at a higher level, that is at the plus two stage.

Here again there is no uniformity in the country. While Delhi, Gujarat and a large number of states have a pay scale of Rs. 1640-2900 as the first scale for a plus two teacher, in a state like west Bengal the plus two teacher in a degree college draws a scale of 2200-4000 since he is also a lecturer in the degree college. In Tripura the scale is Rs. 2000-4200

for the plus tow teachers. In Andhra, until recently the scale used to be Rs. 1550-3000. In Maharashtra the scale is 2000 3200 for a trained plus teacher. After the recent strike the Government of Maharashtra has agreed to revised this scale by introducing two scales 2000-3500 and 2500-4000.

It would be pertinent to recall what the Report of the National Commission on Teachers I (1983-85) has to state on the question of scales in the plus two tage. The report says: "with regard to the salaiy of a post graduate teacher we would like to stress that in view of the similarity of his basic educational qualification to that of a college lecturer- an M A. or M.Sc. - and the further consideration that he has spent an additional year to acquire a teaching degree it should compare favourably with that of a lecturer."

We would take this proposal to its logical conclusion, namely, since we are considering teachers with a *second class at the Master's* the scale should not only compare favourably, but should be *the same as that of the lecturer*. This is a further important issue on which the Seminar should deliberate. The AIFUCTO has already raised the demand of *common scales* for plus two and degree college teachers.

## PROMOTIONAL AVENUES

The question of proper placement of the plus two in the national pattern and of common scales for the plus two will have to be placed high on our agenda if proper weightage is to be given to this stage of education. However, immediately we should work for promotional avenues for teachers in the plus two stage by providing for upward mobility to the degree colleges. The Kerala government has a scheme where fresh recruitment to the degree colleges is made on a four point basis.

The Kerala scheme deals with the UGC scheme of teachers who constitute 52% and the state scheme of teachers (plus two teachers) who constitute 48% as on the cut-off date. The vacancies occurring in future in the UGC pool will be filled up as indicated below, 25%of the vacancies will be filled up by direct recruitment and 75% of the vacancies will be filled upby those in the plus two. A system of rotation has also been prescribed:

'The first vacancy will be filled up from among the college teachers coming under the category of 48%. The second vacancy will be filled up by direct recruitment. The third and fourth vacancies will be filled up from among the college teachers comming under the category of 48%. The above rotation will be repeated.'

The Kerala pattern which has been described here is not totally satisfactory. There is a cut-off date and teachers recruited in the plus two colleges after this date do not come under this scheme. However, this pattern could be considered for creating the upward mobility that is so essential to give justice to the teachers in the plus two stage.

One of the hurdles coming in the way of plus two teachers entering the degree stream, even in the colleges where they work, is the stipulation of 55% for new recruits in the degree colleges. The AIFUCTO has argued in a detailed submission made to the HRD Ministry that the stipulation of 55% is arbitrary. A teacher with a second class at the Masters should be considered as having the required qualification it he has teaching

experience of two years in the plus-two stage. This relaxation of the 55% could be a starting point for establishing mobility in the profession.

Mobility would also imply that a teacher who goes from the plus two stage to the degree level teaching should have his pay protected and his past service counted for future advancement in his career.

## OTHER SERVICE CONDITIONS

The situatian is non-uniform if we look at other conditions of service as well. In the matter of service security and tribunals for appeals against termination of services, some states have a fairly good machinery, while in most states there is no such provision. Similarly on retirement benefits like pension, gratuity and family pension the situation is non-uniform. While most of the states do not provide for medical reimbursement, some states do have this provision extended to teachers in the plus two stage. Almost nowhere do the plus two teachers have leave travel facilities. These are all areas where advances should be registered.

## ORGANISATIONAL STRUCTURE

The two large federations AIFUCTO and the AISTF have been concentrating on the problems of the teachers in higher education and in secondary education. In the past the AIFUCTO has taken up the problems of the plus two teachers, and raised the demand of common scales. However, because of the non-uniform nature of the administrative set-up in the country it has not been able to work out a coordinated and integral approach to the problem of the plus two.

The teachers in the plus two have been waging struggles in several states. In Maharashtra, Andhra Pradesh and some other states, the teachers have been able to wrest from the state governments several demands These struggles have invariably been conducted with the broad support of the teachers of the secondary and the higher education sectors. In many places there have been common struggles of plus two and degree college teachers. In the all India strike of 1987 conducted by the AIFUCTO large sections of the plus two teachers in Maharashtra were in the strike.

The bonds of struggle have been forged in many places. However, it would be wrong to believe that there are no problems here. The Governments have tried their best in several states to prevent the development of a united movement of the teachers. At times short-sightedness of some of the leaders have also contributed to differences of perceptions. What has to be understood is that we are dealing with the educational system as a whole. The placing of this stage in the national pattern is a matter of concern to all of us.

At a time when attacks on democratic rights of the teachers are rising, and attacks on their living conditions are also mounting, the AISTF and the AIFUCTO should come together to see how common battles can be planned and launched to defend our educational system from cuts in subsidies and curtailment of democratic rights as dictated by the World Bank and the IMF. The problems of the plus two teachers are a part of our problems of the teachers at all stages.

The AISTF and AIFUCTO can begin by setting up special cells to deal with the problems of the plus two teachers and by amending their constitutions so that all the teachers in the plus two stage can be covered by these two federations. □

(Cont: from page 6)
permissible degree of unity between the practices of knowledge and practices of power? If the latter is the case, should we not begin to understand the criticism of politics as our agony at our own selves?

These uncomfortable questions must be on our agenda. And we should all discuss them with patience, courage and candour. I believe that even a modest growth of determination to place such live questions on our collective consciousness will give hope for overcoming the crisis of civility on our campuses. Recovery of civility and of dignity of discourse on our campuses is important for the Indian future. It is important if we are to cease to be 'modern educated saints' whom Karl Marx witheringly criticised more than a century ago when he wrote: the classical saint of Christianity mortified his body for the sake of salvation of the soul of masses; in contrast, the modern educated saint mortifies the bodies of the masses for the sake of his own salvation.

If we have to choose between models of saintliness, Marx should be our unfailing guide. Indian campuses, in their search for renewal, need to move in the direction of ever greater social engagement and commitment. We should be moved, in thought and action, by everyday misery of the Indian impoverished; we should find ways, in everything we do in our campuses, to express solidarity in struggle against vicious forms of deprivation, dispossession, disadvantages to which hundreds of thousands of our fellow beings are subjected—by society and state. In addition to being progenitors of well-bred, well-manicured critiques of Power, Indian campuses should themselves be producers of alternate social consciousness and of visions of justice.

It is true that "it is not given to any generation of men to complete the task of human improvement and redemption". But it is also equally true that "no generation is free' either, to desist from them". This generational commitment carries the reminder, that the attainment of social justice involves a series of tasks, none of which is accomplished by recoiling at the arrogance of power. We should also recall that tasks of justice are often performed best through quiet looking acts of struggle in one's own acdaemic niche. That niche is secured by practices of power oriented to the Indian Constitution.

Towards the end of his luminous career Albert Einstein said: "Politics is harder than physics". And education conceived as constitutional politics directed to escalate transformative potential of future generations of Indian citizens is even harder than the politics of will to power for domination and subjugation of men and women. This is the reason why academic freedom is the most difficult freedom of all. And a university constitutes a permanent invitation for us all to exercise and enjoy this freedom. □

*The author is the Vice-Chancellor of Delhi University. This contribution is taken from the convocation address he delivred at the University of Manipur (January 4, 1992.)*

# ഉന്നത വിദ്യാഭ്യാസ രംഗം: –കേരളീയ പരിപ്രേക്ഷ്യം

## പ്രൊഫ. ആർ. ആർ. സി. യെ അനുസ്മരിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ സെമിനാർ



പ്രൊഫ. സുകുമാർ അഴീക്കോട് സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. ടി. രാജൻ, പ്രൊഫ. കെ. എ. നാരായണൻ, പ്രൊഫ. ജി. മാധവൻനായർ, പ്രൊഫ. പി. നാരായണമേനോൻ എന്നിവരാണ് വേദിയിൽ.

നമ്മുടെ കാമ്പസുകളെ സർഗ്ഗാത്മകമാക്കുവാൻ, സാംസ്കാരികമായി ജാഗരൂകമാക്കുവാൻ, അധ്യാപകർ, നാം എന്തു ചെയ്തു? നമ്മുടെ യാഥാർത്ഥ്യങ്ങളിലേയ്ക്ക് വിദ്യാഭ്യാസ ക്രമത്തെ എങ്ങനെ വിമോചിപ്പിക്കാം, പുനഃസ്ഥാപിക്കാം എന്ന പ്രസക്തമായൊരു അന്വേഷണമായിരുന്നു തൃശൂർ ശ്രീകേരളവർമ്മ കോളേജ് A K P C T A യൂണിററ് ഫെബ്രുവരി 15-ാം തീയതി നടത്തിയ വിദ്യാഭ്യാസ സെമിനാറിന്റെ ഉള്ളടക്കം. കേരളത്തിലെ കോളേജ് അധ്യാപകരെ ഉന്നതമായൊരു ട്രേഡ്യൂണിയൻ സംസ്ക്കാരത്തിലെത്തിച്ച് അവരെ ആത്മാഭിമാനികളാക്കിയ A K P C T A യുടെ അനിഷേധ്യനേതാവും പ്രിയങ്കരനായ സുഹൃത്തും ആയിരുന്ന ആർആർസി യ്ക്ക് ആദരാഞ്ജലികളർപ്പിച്ചുകൊണ്ടാണ് വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കപ്പെട്ടത്. പ്രൊഫ. ജി. മാധവൻ നായർ, ഭിന്ന സമര സന്ദർഭങ്ങളിൽ ആർ ആർ സിയുടെ ആവേശകരമായ സാന്നിധ്യങ്ങളെ അനുസ്മരിച്ചു. ഒരു സമരനേതാവായിരിയ്ക്കേ തന്നെ ഉന്നത ലക്ഷ്യങ്ങളുള്ള ഒരധ്യാപകനും വ്യക്തി പ്രതിസന്ധികളിൽ ആർജവമുള്ള ഒരു കൂട്ടാളിയും ആയി ആർ ആർ സി യുടെ സവിശേഷ വ്യക്തിത്വം അനാവരണം ചെയ്യുകയായിരുന്നു തന്റെ അനുസ്മരണ പ്രഭാഷണത്തിൽ മാധവൻ നായർ. വിദ്യാഭ്യാസസെമിനാർ ഉദ്ഘാടനം ചെയ്ത് വിഷയമവതരിപ്പിച്ചത് പ്രൊഫ. സുകുമാർ അഴീക്കോടാണ്.



സെമിനാറിൽ പങ്കെടുത്ത അധ്യാപകർ

സമൂഹത്തിൻെറ ഒഴുക്കിൽ നിന്നല്പം മുകളിൽ വിദ്യാഭ്യാസമേഖല ജീവിക്കണം. ദുഷ്ടവും ജീർണ്ണവുമായ സാമൂഹ്യ ശക്തികളെ വിമർശിക്കാനും തിരുത്താനും കഴിയുന്ന ഒരു ഉയരത്തിൽ വിദ്യാഭ്യാസം പ്രവർത്തിച്ചാൽ മാത്രമേ ഇത് സാധ്യമാകൂ. അധ്യാപകരുടെ തൊഴിൽപരമായ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ അധ്യാപക സംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി അധ്യയനത്തിൻെറ വൈകല്യങ്ങളാണ് പരിഹരിക്കപ്പെടേണ്ടത്. ഇതൊരു രണ്ടാം കാൽവെയ്പാണ്. അധ്യാപക സംഘടനയുടെ രണ്ടാം അധ്യായമാണ്. പാഠ്യപദ്ധതിയിലും അധ്യയനരീതിയിലും അടിസ്ഥാനപരമായി നടക്കേണ്ട മാററങ്ങളിലാണ് ഇനി അധ്യാപക സംഘടനകൾക്ക് ഇടപെടാനുള്ളത്. ഇവ്വിധമൊരു ആശയമാണ് പ്രൊഫ സുകുമാർ അഴീക്കോട് സെമിനാറിൽ പങ്കിട്ടത്. തുടർന്ന് വിദ്യാഭ്യാസ സംവാദം സജീവമായി. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. കെ. എ. നാരായണൻ പാഠഭേദം പത്രാധിപർ പ്രൊഫ. പി. നാരായണമേനോൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. മുതലാളിത്ത താൽപര്യങ്ങളുടേതായ ഇന്നത്തെ വിദ്യാഭ്യാസം യാഥാർത്ഥ്യങ്ങളെ വികലവും വിരൂപവുമാക്കുന്ന രീതികളെക്കുറിച്ചാണ് പ്രൊഫ. നാരായണമേനോൻ സംസാരിച്ചത്. കേരളവർമ്മ കോളേജിലെ പ്രൊഫ. ഇ. രാജനും പ്രൊഫ. എൻ. ഗോപാലകൃഷ്ണനും ചർച്ചയിൽ ഇടപെട്ടുകൊണ്ട് സംസാരിച്ചു. വിദ്യാഭ്യാസസെമിനാറിൽ വി. ജി. തമ്പി സ്വാഗതവും എം. മോഹൻദാസ് നന്ദിയും പ്രകാശിപ്പിച്ചു. പ്രൊഫ. ടി രാജൻ സെമിനാറിൽ ആധ്യക്ഷം വഹിച്ചു. □

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക് :

1991-92 ലെ ജേർണൽ വരിസംഖ്യ, അടച്ചുതീർത്തിട്ടില്ലാത്ത ബ്രാഞ്ചുകൾ ഉടൻ തന്നെ വരിസംഖ്യ മാനേജിംഗ് എഡിററർക്ക് (ഡ്രാഫ്ററ്/എം. ഒ ) അയച്ചു തരണമെന്നഭ്യർത്ഥിക്കുന്നു.

100-ാം ലക്കം സ്പെഷ്യലിലെ പരസ്യങ്ങളുടെ തുക ഇനിയും ശേഖരിച്ച് അയച്ചിട്ടില്ലാത്തവർ എത്രയും പെട്ടെന്നു പരസ്യതുക അയച്ചുതരാൻ പ്രത്യേകം ശ്രദ്ധിക്കുക.

# Note Submitted to the Hon. Minister for Education

## 1. Denial of Salary to Teachers

The U.G C. Scheme was implemented in the State with effect from 1-1-1986 vide G O 65/90/H. Edn Dated 13-3-1990 Subsequently the goverment issued another order to the effect that all teachers who were/are in regular service as on 1-4-1990 shall be eligible for the benefit of UGC Scheme/Scales. Thus all teachers who were in temporary service and came over to the permanent service till 1-4-1990 were eligible for the benefit of the U.G.C. Scheme/ Scales.

